നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 253      22-07-2021 - ൽ മറുപടിയ്ക്ക്

## കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് ഭൂമി വിട്ടുനൽകുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൂരാച്ചുണ്ട് പഞ്ചായത്തിലെ കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള ഭൂമി വിട്ടുനൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ; | (എ) | ഭൂമി വിട്ടുനൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. കക്കയം ഹൈഡൽ പ്രോജക്റ്റിനു വേണ്ടി അവാർഡ് നമ്പർ. 3/66 പ്രകാരം അക്വയർ ചെയ്ത ഭൂമി റവന്യൂ രേഖകളിൽ പോക്ക് വരവ് നടത്തി, തണ്ടപ്പേർ മാറ്റി, നികുതി അടച്ച് ബോർഡിന്റെ പേരിലേക്ക് മാറ്റിയാൽ മാത്രമേ ഭൂമി കൈമാറ്റം ചെയ്യുവാൻ സാധിക്കുകയുള്ളൂ. പോക്ക് വരവ് നടത്തിക്കിട്ടുവാൻ റവന്യൂ ഡിപ്പാർട്ട്മെന്റിലേക്ക് അപേക്ഷ കൊടുക്കുകയും കെ.എസ്.ഇ.ബി യുടെ ലാന്റ് മാനേജ്മെന്റ് യൂണിറ്റിൽ നിന്നും, കൂരാച്ചുണ്ട് വില്ലേജ് ഓഫീസ്, കൊയിലാണ്ടി താലൂക്ക് ഓഫീസ് (LR) എന്നീ ഓഫീസുകളിൽ നേരിട്ട് പോയി നടപടികൾ ത്വരിത ഗതിയിലാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കക്കയത്തെ കെ.എസ്.ഇ.ബി. ജീവനക്കാരുൾപ്പെടെയുള്ളവർക്ക് പ്രാഥമിക ചികിത്സ നൽകുന്ന കുടുംബാരോഗ്യ കേന്ദ്രം നവീകരിക്കുന്നതിനായി കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള ഭൂമി ആരോഗ്യ വകുപ്പിന് വിട്ടുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (ബി) | ഭൂമി വിട്ടുനൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. കക്കയം ഹൈഡൽ പ്രോജക്റ്റിനു വേണ്ടി അവാർഡ് നമ്പർ. 3/66 പ്രകാരം അക്വയർ ചെയ്ത ഭൂമി റവന്യൂ രേഖകളിൽ പോക്ക് വരവ് നടത്തി, തണ്ടപ്പേർ മാറ്റി, നികുതി അടച്ച് ബോർഡിന്റെ പേരിലേക്ക് മാറ്റിയാൽ മാത്രമേ ഭൂമി കൈമാറ്റം ചെയ്യുവാൻ സാധിക്കുകയുള്ളൂ. പോക്ക് വരവ് നടത്തിക്കിട്ടുവാൻ റവന്യൂ ഡിപ്പാർട്ട്മെന്റിലേക്ക് അപേക്ഷ കൊടുക്കുകയും കെ.എസ്.ഇ.ബി യുടെ ലാന്റ് മാനേജ്മെന്റ് യൂണിറ്റിൽ നിന്നും, കൂരാച്ചുണ്ട് വില്ലേജ് ഓഫീസ്, കൊയിലാണ്ടി താലൂക്ക് ഓഫീസ് (LR) എന്നീ ഓഫീസുകളിൽ നേരിട്ട് പോയി നടപടികൾ ത്വരിത ഗതിയിലാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ